# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മമ്പാട് ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ.എം.പി.എം.10/1759/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.15/07/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

**മമ്പാട്** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മമ്പാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം
4)കാര്യാലയ പകർപ്പ്

എബികെ

നം.കെ.എസ്.എ.എം.പി.എം.10/1759/19

തിയ്യതി:15/07/2019

**മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21/07/2018 മുതൽ 19/06/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത്ത്. ആർ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-06-2019മുതൽ 29-06-2019വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.അബ്ദുൾസത്താർ സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സലീം ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ.പന്താർ മുഹമ്മദ് (പ്രസിഡണ്ട് -ഇൻ-ചാർജ് ) | 01.04.2018 മുതൽ 11.04.2018 വരെ |
| ശ്രീമതി. ഷിഫ്ന നജിബ് | 12.04.2018 മുതൽ 31.03.2019 വരെ |

## സെക്രട്ടറി

| | |
|---|---|
| ശ്രീമതി. റഹിയാൻബി | 01.04.2018 മുതൽ 13.03.19 വരെ |
| ശ്രീമതി.ജയലേഖ കെ എ (പൂർണ്ണ അധിക ചുമതല) | 14.03.2019മുതൽ31.03.19 വരെ |

## മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ഷൗക്കത്തലി പി | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഇ ആയിഷകുട്ടി | 01.04.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. പി മുഹമ്മദലി | 01.04.2018മുതൽ 20.05.2018വരെ |
| | ശ്രീമതി. മഞ്ജുഷ പി കെ | 21.05.2018മുതൽ 03.12.2018വരെ |
| | ശ്രീ.മനോജ് കെ ജി | 04.12.2018 മുതൽ 12.12.2018വരെ |
| | ശ്രീ. അനോജ്കുമാർ പി ആർ | 13.12.2018 മുതൽ 11.01.2019വരെ |
| | ശ്രീ. അലിഫൈസൽ കെ ടി | 12.01.2019 മുതൽ 15.03.2019വരെ |
| | ശ്രീ. ശ്രീകാന്ത് കെ പി | 16.03.2019 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.പ്രശാന്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മൃദുല | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.ജ്യോതിരശ്മി വി | 01.04.2018മുതൽ 04.11.2018 വരെ |
| | ശ്രീമതി.ജയലേഖ കെ എ | 24.11.2018 മുതൽ 31.03.2019 വരെ<br>(05.11.18 മുതൽ 23.11.2018 വരെ ആരുമില്ല.) |
| ഹെഡ്മിസ്ട്രസ് | ശ്രീമതി .ഷഹർബാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷിഹാദ് എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അബ്ദുൾനാസർ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I**<br>**പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II**<br>**വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | ഇ-ടെണ്ടർ പ്രവൃത്തികൾ-ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-1 |
| 14 | കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) -അപാകതകൾ | 2-2 |
| 15 | മുഴുവൻ ഏരിയയ്ക്കും വസ്തുനികുതി ഈടാക്കിയില്ല. | 2-3 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം | 2-5 |
| 18 | ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയില്ല. | 2-6 |
| 19 | രശീതി പരിശോധന – അപാകതകൾ | 2-7 |
| | **ഭാഗം III**<br>**ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 20 | മഴക്കാല പൂർവ്വ ശുചീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല | 3-1 |
| 21 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ അഡ്വാൻസ്. | 3-2 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-3 |
| 23 | ലൈബ്രറികളിലെ പത്രവിതരണചെലവുകൾ ഗ്രാമപഞ്ചായത്ത് | 3-4 |

| | | |
|---|---|---|
| | വഹിക്കുന്നത് സംബന്ധിച്ച്. | |
| 24 | എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും രേഖപ്പെടുത്തിയതിനു വിരുദ്ധമായി കനം കുറഞ്ഞ ഷീറ്റ് മേഞ്ഞു--കരാറുകാരന് അധികം തുക അനുവദിച്ചു. | 3-5 |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാകാതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം ചെലവഴിച്ചു. | 3-6 |
| 26 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 3-7 |
| 27 | മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല | 3-8 |
| 28 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-പൂർത്തീകരിച്ചില്ല | 3-9 |
| 29 | സപ്ലൈ ചെയ്യാത്ത സാധനത്തിന് വില നൽകിയത് ക്രമ വിരുദ്ധം | 3-10 |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനഘടകങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. | 3-11 |
| 31 | ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ അപാകതകൾ | 3-12 |
| 32 | കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ | 3-13 |
| | **ഭാഗം IV**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# <u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തിയതിയിലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 15.05.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.06.2019 മുതൽ 22.06.2019 വരെ | KSAMPM10/1759/19 Dtd. 15/07/2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,32,629 |
| വരവ് | 10,81,93,496 |
| ആകെ | 11,34,26,125 |
| ചെലവ് | 9,21,28,778 |
| നീക്കിയിരിപ്പ് | 2,12,97,347 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21308867 | 21308867 | 19526019 | 1782848 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7439000 | 7439000 | 5753019 | 1685981 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2685000 | 2685000 | 2199875 | 485125 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8570000 | 8570000 | 7275395 | 1294605 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4365000 | 4365000 | 2733928 | 1631072 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9890000 | 9890000 | 9045561 | 844439 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 12746560 | 12746560 | 3989309 | 8757251 |
| എം.എൻ.ആർ.ഇ.ജി.എസ്. | 302 | 24619380 | 24619682 | 24616398 | 3284 |
| ബി ഫണ്ട് | 0 | 39330560 | 39330560 | 39330560 | 0 |

| | | | | | |
|---|---|---|---|---|---|
| കേരള ഗ്രാമീൺബാങ്ക്(തനത്ഫണ്ട്) | 1057362 | 30802185 | 31859547 | 24147881 | 7711666 |
| തനത്ഫണ്ട് ട്രഷറി അക്കൗണ്ട് | 716492 | 32518149 | 33234641 | 22507070 | 10727571 |
| എസ് ബി ഐ (ഇ-പേമെന്റ് ) | 73691 | 178863 | 252554 | 649 | 251905 |
| മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് (തനത്ഫണ്ട്) | 2896343 | 1717153 | 4613496 | 3210103 | 1403393 |
| കേരള ഗ്രാമീൺബാങ്ക് (പാഡി) | 23611 | 0 | 23611 | 649 | 23611 |
| കേരള ഗ്രാമീൺബാങ്ക് (സാക്ഷരത) | 27159 | 87808 | 114967 | 118 | 114849 |
| മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് (കുടുംബശ്രീ) | 288045 | 22007 | 310052 | 0 | 310052 |
| ജോയിന്റ് വെഞ്ചർഅക്കൗണ്ട് | 17,082 | 5981319 | 5998401 | 5354504 | 643897 |
| കേരള ഗ്രാമീൺബാങ്ക് (ഹരിത കേരളം) | 0 | 6590 | 6590 | 0 | 6590 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 12,63,30,454 | 178 | 7,54,74,211 | 0 | 103 | 63 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 302 | 663981 | 664283 | 657397 | 6894 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23955399 | 23955399 | 23959001 | |
| ആകെ | 302 | 24619380 | 24619682 | 24616398 | 6894* |

*വ്യത്യാസം ഖണ്ഡിക 1-12 പരാമർശിച്ചിട്ടുണ്ട്.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,29,160 | 659 |
| കർഷക തൊഴിലാളി പെൻഷൻ | 32,84,500 | 417 |
| വിധവാ പെൻഷൻ | 1,30,86,000 | 1633 |
| വാർദ്ധക്യകാല പെൻഷൻ | 1,73,21,300 | 2233 |
| വികലാംഗ പെൻഷൻ | 44,22,800 | 551 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 3,16,800 | 39 |
| വിവാഹ ധനസഹായം | 2,70,000 | 9 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-6-2019ന് 2.55 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8826 രൂപ നീക്കിയിരിപ്പ് വേണ്ടതിനു പകരം 8832 രൂപ കാണപ്പെട്ടു. 6 രൂപയുടെ നാമമാത്ര വ്യത്യാസം ചില്ലറ നല്കാൻ ബാക്കിയുള്ളതാണെന്ന് വിശദീകരിച്ചു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ താഴെ ചേർക്കുന്നു.

1) ഫ്രന്റ് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ചുമതലയുള്ള ക്ലാർക്കിനു പകരം ഓഫീസ് അറ്റൻഡന്റിനെയാണ് പലപ്പോഴും കാബിനിൽ കാണുന്നത്. കാബിനിൽ ചുമതലപ്പെട്ടവർ മാത്രം പ്രവേശിക്കുന്നതിനായി അടച്ചു വയ്ക്കേണ്ടതും, സഹായിയായി നിശ്ചയിച്ച ഓഫീസ് അറ്റൻഡന്റ് അടക്കം മറ്റാരും കൗണ്ടറിൽ പ്രവേശിക്കാൻ പാടില്ലാത്തതും, ചുമതലപ്പെട്ട ക്ലാർക്ക് പൂർണ സമയം ഫ്രന്റ് ഓഫീസിൽ തന്നെ ഉണ്ടായിരിക്കേണ്ടതുമാണ്.

2) സാംഖ്യ രസീതിക്കു പുറമേ ഉപയോഗിക്കുന്ന മാനവൽ രസീതികൾ അനുവദിച്ചു നൽകുന്ന നിർവഹണ ഉദ്യോഗസ്ഥരടക്കമുള്ള എല്ലാ ജീവനക്കാർക്കും ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള അച്ചടിച്ച ഔട്ട് ഡോർ കലക്ഷൻ രജിസ്റ്റർ നൽകി അതിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഇവ ഉപയോഗിച്ച നടത്തിയ കലക്ഷൻ സഞ്ചയയിൽ പോസ്റ്റ ചെയ്യുന്നതിന് ഇടവിട്ട റൊട്ടേഷൻ ക്രമത്തിൽ മറ്റൊരാൾക്ക് ചുമതല നൽകുകയും അംഗീകരിക്കുന്നതിന് മുമ്പ് സെക്രട്ടറി ഉചിതമായ മേൽ പരിശോധന ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

3) ഓഫീസ് പരിസരത്തും പഞ്ചായത്തിന്റെ അധീനതയിലുള്ള മറ്റു സ്ഥലത്തും കൂടിക്കിടക്കുന്ന ഉപയോഗശൂന്യമായ വസ്തുക്കൾ യഥാവസരം ലേലം ചെയ്ത കൈയൊഴിച്ച് പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

4) പഞ്ചായത്തിനു കൈമാറിയ നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ പക്കൽ നിന്നും കുത്തി വയ്പ്പ് എടുക്കുന്ന എല്ലാ പട്ടികൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുന്നില്ലെന്ന്

കാണുന്നു. തൻവർഷം 5 പട്ടികൾക്കു മാത്രമാണ് ലൈസൻസ് എടുത്തത്. എന്നാൽ 50-ലധികം പട്ടികൾക്കു കുത്തി വയ്പ്പ് എടുക്കുന്നതായി വെറ്ററിനറി സർജൻ വിശദീകരിച്ചു. കുത്തി വയ്പ്പെടുക്കുന്ന എല്ലാ പട്ടികൾക്കെങ്കിലും ലൈസൻസ് എടുത്തെന്ന് ഉറപ്പാക്കേണ്ടതാണ്.

5) പഞ്ചായത്ത് നടപ്പാക്കുന്ന പരിരക്ഷാ പദ്ധതി പ്രകാരം വാങ്ങുന്ന മരുന്നുകൾ പ്രസ്തുത രോഗികൾക്ക് ഹോം കെയറിനു പോകുമ്പോൾ നഴ്സ് കൊണ്ടുപോയിക്കൊടുക്കാതെ, രോഗികളോ ബന്ധുക്കളോ PHC-യിൽ വന്നു വാങ്ങുന്ന രീതിയാണ് അവലംഭിച്ചു കാണുന്നത്. ഇതിനു കാരണമായി WP(C) No.37156/2016 എന്ന കേരള ഹൈക്കോടതി ഉത്തരവാണ് പറയുന്നത്. ഈ ഉത്തരവിൽ മരുന്നുകൾ ഫാർമസിയിൽ നിന്ന് വിതരണം ചെയ്യുന്നതിനെയാണ് സൂചിപ്പിക്കുന്നതെന്നതിനാൽ, പ്രത്യേക പദ്ധതി പ്രകാരം വാങ്ങുന്ന ഈ മരുന്നുകൾ മുൻകൂട്ടി നിശ്ചയിച്ച രോഗികൾക്ക് ഫാർമസിയിൽ നിന്ന് നഴ്സ് വഴി എത്തിക്കാതിരുന്നാൽ പദ്ധതി നിശ്ഫലമാകുന്നതാണ്. പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

6) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി നൽകുന്ന മുൻകൂറുകൾ വർഷാവസാനം ക്രമീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

7) നിർവഹണ ഉദ്യോഗസ്ഥരെല്ലാം താഴെപ്പറയുന്ന രജിസ്റ്ററുകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താനായി ആവശ്യാനുസരണം അവ വിതരണം ചെയ്യേണ്ടതാണ്.

i) TR 7A കാഷ് ബുക്ക്

ii) പ്രൊജക്റ്റ് രജിസ്റ്റർ

iii) സബ്സിഡിയറി രജിസ്റ്റർ

8) പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലെക്സിൽ വിതരണം ചെയ്യാത്ത റൂമുകൾ വേഗത്തിൽ വിതരണം ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.062019 | 2019 മെയ് മാസത്തെ ഓഡിറ്റ് | 15.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016 മുതൽ 30.08.2016 വരെ | 2011-12 മുതൽ 2015-16 വരെ | 30.01.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1)ബാലൻസ് ഷീറ്റിലെ B5,B16 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തമില്ല.

2)വാർഷികകണക്കിൽ ഉൾപ്പെടുത്തിയ എം ജി എൻ ആർ ഇ ജി എസ് നീക്കിയിരിപ്പ് തുക പൊരുത്തമില്ല. യഥാർത്ഥ തുകയും വാർഷികകണക്കിൽ ഉൾപ്പെടുത്തിയ തുകയും തമ്മിലും പൊരുത്തമില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷികകണക്കിൽ വ്യത്യാസം | സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ കണക്ക് പ്രകാരം വ്യത്യാസം |
|---|---|
| മുന്നിരിപ്പ് - 302 | മുന്നിരിപ്പ് - 302 |
| വരവ് - 2,46,19,380 | വരവ് - 2,97,69,257 |
| ആകെ - 2,46,19,682 | ആകെ - 2,97,69,559 |
| ചെലവ് -2,46,16,398 | ചെലവ് -2,97,62,665 |
| നീക്കിബാക്കി - 3284<br>എന്നാൽ ബാലൻസ് ഷീറ്റിൽ നീക്കിബാക്കി 6894 രൂപ | നീക്കിബാക്കി - 6894 രൂപ |

വാർഷിക കണക്കിലെ വിവരവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ വിവരവും തമ്മിൽ വരവിൽ 51,49,877 രൂപയും, ചെലവിൽ 51,46,267 രൂപയും വ്യത്യാസമുണ്ട്. എന്നാൽ ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3) ബാലൻസ്ഷീറ്റിലെ B4 ഗ്രാന്റ് തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ ആവശ്യമായ എ സി ആർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തൻമൂലം B4 ലെ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

4)ഓരോ മാസവും ഗ്രാമപഞ്ചായത്തിലെ മുഴുവൻ ബാങ്ക് ബുക്കുകളും പരിശോധിച്ച് റീകൺസിലേഷൻ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കുന്നില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങൾ ചട്ടം 24.3),അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേറ്റുമെന്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിൽ ഡിമാന്റ് ,കളക്ഷൻ തുകയിൽ താഴെ പറയും പ്രകാരം വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലും തുക വ്യത്യാസം .

| | വാർഷിക കണക്ക് പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|---|
| ഡിമാൻറ് | 13,21,020 | 13,21,020 |
| കളക്ഷൻ | 13,02,020 | 13,21,020 |
| ബാലൻസ് | 19,000 | 0 |

എന്നാൽ ബാലൻസ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

6) Receivables from govt.(redemption amount) ഇനത്തിൽ 1,00,94,097 രൂപ വരവുണ്ട്. ആയതിന്റെ ആധികാരികത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7)Govt.and other dues payable – royalty ഇനത്തിൽ 5,000 രൂപയും , Govt.and other dues payable – others ഇനത്തിൽ 6,91,716 രൂപയും ബാലൻസ് ഷീറ്റിൽ (B 9 ൽ ) രേഖപ്പെടുത്തിയിട്ടുണ്ട് .ആയതിന്റെ ആധികാരികത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8)ലേലം ഡെപ്പോസിറ്റ് ഉൾപ്പെടെ മൂന്ന വർഷത്തിലധികമായ നിരവധി നിക്ഷേപങ്ങൾ ഉണ്ടെങ്കിലും,ആയവ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

9)മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) ഇനത്തിൽ എ സി ആർ പ്രകാരം മൊത്തം ചെലവ് തുക 27,33,928 രൂപ. എന്നാൽ വാർഷികകണക്ക് പ്രകാരം ആയത് 27,17,348 രൂപയാണ് 16,580 രൂപ വ്യത്യാസം .കാരണം വ്യക്തമല്ല.

10)കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ ,ചട്ടം 65 പ്രകാരമുള്ള വാർഷികകണക്കുകളോടൊപ്പമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

11) 2017- 18 വർഷത്തെ വാർഷികകണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

12) വസ്തു നികുതി കണക്കിൽ താഴെ പറയും പ്രകാരം സഞ്ജയ സോഫ്റ്റ് വെയറിലും ,വാർഷിക കണക്കിലും,സാംഖ്യ സോഫ്റ്റ് വെയറിലും തുക വ്യത്യാസം

| | | സഞ്ജയ സോഫ്റ്റ് വെയർ | സാംഖ്യ സോഫ്റ്റ് വെയർ | വാർഷിക കണക്ക് | റിമാർക്സ് |
|---|---|---|---|---|---|
| <u>**റസിഡൻഷ്യൽ ബിൽഡിംഗ്**</u> | ഡിമാൻറ് | 21,33,036 | 44,42,927 | 21,33,036 | സാംഖ്യ സോഫ്റ്റ് വെയറിൽ റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ തരം തിരിച്ച് വിവരം ലഭ്യമല്ല. കൂടാതെ,കളക്ഷൻ ഇനത്തിൽ ബുക്ക് അഡ്ജസ്റ്റ് മെൻറ് തുക- 167011 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്.ആയത് എപ്രകാരമെന്നും വ്യക്തമല്ല. |
| | കളക്ഷൻ | 21,33,036 | 42,71,705 | 21,33,036 | |
| | ബാലൻസ് | 0 | 4211 | 0 | |
| <u>**നോൺ റസിഡൻഷ്യൽ ബിൽഡിംഗ്**</u> | ഡിമാന്റ് | 20,91,692 | | 20,91,692 | മൊത്തം തുക കൂട്ടിയാലും (21,33,036 + 20,91,692)ആകെ ഡിമാന്റ് - 42,24,728<br>കളക്ഷൻ - 41,47,663(2133036+2014627)<br>സാംഖ്യയിലെ തുകയുമായി പൊരുത്തമില്ല. |
| | കളക്ഷൻ | 20,87,682 | | 20,14,627<br>(1941012+73615) | |
| | ബാലൻസ് | 4010 | | 77,065(എന്നാൽ ബാലൻസ് ഷീറ്റിൽ 4211) | |

| | | | | | |
|---|---|---|---|---|---|
| **കുടിശ്ശിക** (റസിഡൻഷ്യൽ) | ഡിമാന്റ് | 22,608 | 1,02,956 | ഇല്ല | സാംഖ്യ സോഫ്റ്റ് വെയറിൽ റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ തരം തിരിച്ച് വിവരം ലഭ്യമല്ല. |
| | കളക്ഷൻ | 22608 | 81,901 | 22,608 | ഡിമാന്റില്ലാതെ കളക്ഷൻ എപ്രകാരമെന്ന് വ്യക്തമല്ല. |
| | ബാലൻസ് | 0 | 21,055 | 0 | |
| **കുടിശ്ശിക** (നോൺ റസിഡൻഷ്യൽ) | ഡിമാന്റ് | 75,276 | | 75,785 | |
| | കളക്ഷൻ | 54,926 | | 54,926 | |
| | ബാലൻസ് | 20,350 | | 21,370 (യഥാർത്ഥ വ്യത്യാസം 20859 രൂപ) | |

മേൽ പ്രകാരം സഞ്ജയ സോഫ്റ്റ് വെയറിലും ,വാർഷിക കണക്കിലും,സാംഖ്യ സോഫ്റ്റ് വെയറിലും തുക വ്യത്യാസത്തിന് വിശദീകരണം പ്രത്യേകമായി ലഭ്യമാക്കേണ്ടതാണ്.

13)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

14) സംയുക്ത പ്രൊജക്ടിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും തുക ലഭിച്ചതിൽ വർഷാന്ത്യത്തിൽ ചെലവഴിക്കുവാൻ ബാക്കിയുള്ള തുകയുടെ കാര്യത്തിൽ യഥാർത്ഥ കണക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തമില്ല.

## <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൌണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, മമ്പാട് ഗ്രാമപഞ്ചായത്ത് 2018-19വർഷത്തിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചാത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിവരം | പങ്കെടുത്തവരുടെ | ആകെ |
|---|---|---|

| | എണ്ണം/നിരക്ക് | ഫോറം വില |
|---|---|---|
| പ്രൊജക്റ്റ് നം.228/19-പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം | 2x2490 | 4980 |
| പ്രൊജക്റ്റ് നം.212/18-ഇപ്പോട്ടിങ്ങൽ കുടിവെള്ള പദ്ധതി | 2x1150 | 2300 |
| പ്രൊജക്റ്റ് നം.232/18-വനിതാ സൌഹൃദകേന്ദ്രം | 2x1120 | 2240 |
| പ്രൊജക്റ്റ് നം.220/18 -PHC സബ്സെന്റർ മെയിന്റനൻസ് | 2x1350 | 2700 |
| പ്രൊജക്റ്റ് -പഞ്ചായത്ത് ഓഫീസിൽ വനിതാ സൌഹാർദ്ദ വിശ്രമ മുറി | 2x1800 | 3600 |
| പ്രൊജക്റ്റ് നം.226/18-പഞ്ചായത്ത് ഓഫീസ് നവീകരണം | 2x2800 | 5600 |
| പ്രൊജക്റ്റ് നം.236/18/-ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 2x1120 | 2240 |
| പ്രൊജക്റ്റ് നം.242/18/-പൊതു കിണറുകളുടെ നവീകരണം | 2x2800 | 5600 |
| ആകെ | | 29260 |

# 2-2 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) -അപാകതകൾ

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (പി) നം. 80/2017/ ത.സ്വ.ഭ.വ തി. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ ,കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996 എന്നുമാറ്റി ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതും, ഭേദഗതി ചട്ടങ്ങൾക്ക് 31.10.2017 മുതൽ പ്രാബല്യമുള്ളതും, 01.04.2018 മുതൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകിയ സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ളതുമാണ്. എന്നാൽ 2018-19 വർഷത്തിൽ തുടർന്നും മുഴുവൻ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസാണ് നൽകിയിട്ടുള്ളത് . കാരണം വ്യക്തമല്ല.

2)31.10.17 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പട്ടിക II (ചട്ടം 7)പ്രകാരമുള്ള പുതുക്കിയ ഫീസാണ് ഈടാക്കാവുന്നത് .വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പട്ടിക III പ്രകാരമുള്ള ഫീസും (ചട്ടം 17,18),വൈദ്യുതി കൊണ്ടല്ലാതെ പ്രവർത്തിപ്പിക്കുന്ന യന്ത്രം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പട്ടിക IV പ്രകാരമുള്ള ഫീസുമാണ് (ചട്ടം 20,21) ഈടാക്കാവുന്നത്.

പട്ടിക II പ്രകാരമുള്ള ഓരോ ഇനത്തിലും പരമാവധി ഫീസാണ് ചട്ടപ്രകാരം പരാമർശിച്ചിട്ടുള്ളത്. ഫീസ് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ബൈലോയ്ക്ക് രൂപം നൽകാവുന്നതാണെന്നും പ്രസ്തുത ഭേദഗതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2018-19 ലെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും പട്ടിക II പ്രകാരമുള്ള 500 രൂപയാണ് ഫീസായി ഈടാക്കിയിട്ടുള്ളത്.ചെറുകിട സ്ഥാപനങ്ങളിൽ നിന്നും 300രൂപയും ,200 രൂപയും വരെ ഫീസായി ഈടാക്കിയിട്ടുണ്ട്. ഫീസ് ഈടാക്കുവാൻ ആധാരമാക്കിയിട്ടുള്ളത് എന്താണെന്ന് ഒരു അപേക്ഷയിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.കാരണം വ്യക്തമല്ല.

പുതുക്കിയ ഉത്തരവ് നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രത്യേകം ബൈലോ തയ്യാറാക്കുകയോ ,അല്ലെങ്കിൽ വിവിധ സ്ഥാപനങ്ങൾ തിരിച്ച് ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് പ്രത്യേക തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.തൻമൂലം 2018-19 വർഷത്തിൽ ഈ ഇനത്തിൽ ഫീസ് ഈടാക്കിയതിന്റെ ആധികാരിക ഓഡിറ്റിന് ബോധ്യമായിട്ടില്ല.

3). മതിയായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചു വരുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | പി പി അബ്ദുറഹിമാൻ, മാനേജിംഗ് പാർട്ട്നർ,കാരകമണ്ണ മെറ്റൽസ്,കീഴുപറമ്പ് (പി ഒ),അരീക്കോട്<br>കരിങ്കൽക്വാറി<br>ലൈസൻസ് നം. 49/18-19/ 08.05.2018 | പട്ടിക -IV ചട്ടം 12,ഉപചട്ടം 5 പ്രകാരം അഗ്നിശമനാ വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമുള്ള വ്യവസായങ്ങളിൽപ്പെട്ടതാണിത്.എന്നാൽ ആയത് ലഭ്യമാക്കാതെ പ്രവർത്തനാനുമതി (അഞ്ചു വർഷത്തേക്ക് )നൽകിയിട്ടുള്ളത്. കാരണം വ്യക്തമാക്കേണ്ടതാണ്. |
| 2 | ധീഷ്മ പി ബാബു ,താന്നിക്കതിട്ട,കാരാട്(പി ഒ)<br>ലബോറട്ടറി നടത്തുന്നതിന്<br>ഡോക്ടേർസ് ക്ലിനിക്കൽ ലബോറട്ടറി<br>ലൈസൻസ് നം. 05/18-19/ 14.02.2018 | അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ<br>കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി പത്രം 30.09.18 വരെയാണ്.എന്നാൽ സ്ഥാപനത്തിന് വർഷം മുഴുവൻ പ്രവർത്തിയ്ക്കുവാൻ അനുമതി നൽകി . |
| 3 | അബ്ദുൾ അക്ബർ എം ടി ,മാഞ്ചേരിതൊടിക, ടാണ,മമ്പാട് | അപേക്ഷയോടൊപ്പം ലഭ്യമാക്കിയ കേരള ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും മരുന്നു വില്പനയ്ക്കുള്ള അനുമതി 21.11.18 വരെ മാത്രമാണ്.എന്നാൽ സ്ഥാപനത്തിന് വർഷം മുഴുവൻ പ്രവർത്തിയ്ക്കുവാൻ അനുമതി നൽകി . |

| | | |
|---|---|---|
| | സി എം എ ഡ്രഗ്സ് ,മമ്പാട്<br><br>ലൈസൻസ് നം. 07/18-19/ 15.02.2018 | |
| 4 | സക്കീർ ഹുസൈൻ എരഞ്ഞിയ്ക്കൽ ചെമ്പംകുന്ന് ,മമ്പാട് പി ഒ<br><br>ഫർണ്ണീച്ചർ നിർമ്മിച്ച് വില്പന<br><br>ലൈസൻസ് നം. 06/18-19/ 07.03.2018 | അപേക്ഷയോടൊപ്പം ലഭ്യമാക്കിയ കേരള ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് വകുപ്പിൽ നിന്നുള്ള ലൈസൻസിന് 11.10.18 വരെ മാത്രമാണ് കാലാവധിയുള്ളത്.എന്നാൽ സ്ഥാപനത്തിന് വർഷം മുഴുവൻ പ്രവർത്തിയ്ക്കുവാൻ അനുമതി നൽകി . |

4)ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക സൂക്ഷിയ്ക്കുന്നില്ല.അനധികൃതമായി ലൈസൻസ് ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല എന്നുറപ്പാക്കുവാൻ ആയത് അത്യന്താപേക്ഷിതമായതിനാൽ അപാകതക പരിഹരിയ്ക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.11 /27.06.2019) മറുപടി ലഭ്യമാക്കിയില്ല.

## 2-3 മുഴുവൻ ഏരിയയ്ക്കും വസ്തുനികുതി ഈടാക്കിയില്ല.

ശ്രീ.ഷഫീറലി ,മാനേജിംഗ് ഡയറക്ടർ ,എ സി എം നാച്ചുറൽ പ്രോഡക്ട്സ് ,കാരച്ചാൽ ,പുള്ളിപ്പാടം എന്നയാൾക്ക് വ്യവസായ കെട്ടിടം സ്ഥാപിയ്ക്കുന്നതിനായി പെർമിറ്റ് നം. A2 3909/17/20.11.17 ആയി 972.88 m2 കെട്ടിടം നിർമ്മിയ്ക്കുവാൻ പെർമിറ്റ് നൽകുകയും, കെട്ടിടം പണി പൂർത്തീകരിച്ചതായി അറിയിച്ചതിൽ സ്ഥലം സന്ദർശിച്ച് അധിക ഏരിയക്ക് റഗുലറൈസേഷൻ ഫീസ് ഈടാക്കി താഴെ പറയും പ്രകാരം കെട്ടിടങ്ങൾക്ക് നമ്പർ അനുവദിയ്ക്കുകയും വസ്തുനികുതി നിർണ്ണയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

-

| കെട്ടിട നമ്പർ | ഏരിയ | വസ്തുനികുതി നിർണ്ണയിച്ചു നൽകിയത് |
|---|---|---|
| 19/334 A | 164.86m2 | 6595 + 330 |
| 19/334 B | 61.61m2 | 2465 + 124 |
| 19/334 C | 465.65m2 + 250.25 m2<br><br>(GF+FF) | 28636+ 1432 |
| 19/334 D | 280.55 m2 | 11222+562 |
| 19/334 E | 48.17 m2 | 927+97 |
| ആകെ ഏരിയ | 1271.09 m2 | |

അസി. എഞ്ചിനീയർ 1434.14 m2 കെട്ടിടത്തിൽ 34.93 m2 ഉള്ള ടോയ്‌ലെറ്റ് ബ്ലോക്കിന്റെ പണി ഒഴികെ ബാക്കിപണികളെല്ലാം പൂർത്തീകരിച്ചെന്ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരമാണ് നമ്പർ അനുവദിച്ചിട്ടുള്ളത് .ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് .

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 1434.14 m2 ന്റെ കെട്ടിടത്തിൽ 1398.21 m2 ന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിൽ 1271.09 m2ന് മാത്രം നികുതി നിർണ്ണയം നടത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, പ്രസ്തുത കെട്ടിടത്തിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 244.62 m2 വെയർഹൗസ് ബിൽഡിംഗാണ് . ആയതിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നികുതി നിരക്ക് m2 ന് 50 രൂപയാണ് . എന്നാൽ മുഴുവൻ കെട്ടിടവും 40 രൂപ നിരക്കിലാണ് മേൽ പ്രകാരം നികുതി നിശ്ചയിച്ചിട്ടുള്ളത് . അപാകതയ്ക്ക് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 19/29.06.2019)മറുപടി ലഭ്യമാക്കിയില്ല.
മുഴുവൻ ഏരിയക്കും നികുതി ചുമത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകതകൾ

2018- 19 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകകൾ ചുവടെ ചേർക്കുന്നു.

<u>1) തൊഴിൽ നികുതി കുറവായി ഈടാക്കി</u>

വിഷ്ണുവർദ്ധൻ ഇ ആർ, ഫോറസ്റ്റ് റേഞ്ച് ഓഫീസ് എടവണ്ണ എന്ന ഉദ്യോഗസ്ഥന് ആദ്യ അർദ്ധവർഷ റിട്ടേൺ പ്രകാരം 1,40,100 രൂപ അർദ്ധവാർഷിക വരുമാനമുണ്ട്,ചട്ടപ്രകാരം 1250 രൂപ തൊഴിൽ നികുതി ഈടാക്കേണ്ടതാണെങ്കിലും 1,000 രൂപയാണ് ഈടാക്കിയിട്ടുള്ളത്. കുറവ് 250 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല

i)ഫാറൂഖ് ക്ലേ ടൈൽസ് മമ്പാട് - I ,II അർദ്ധവർഷ സ്ഥാപനത്തിന്റെ തൊഴിൽ നികുതി

ii)ലൈഫ് കെയർ ഹോസ്പിറ്റൽ ,മമ്പാട് - I ,II അർദ്ധവർഷ സ്ഥാപനത്തിന്റെ തൊഴിൽ നികുതി(പ്രസ്തുത സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേണും ലഭ്യമല്ല)

3)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

i)എ സി എം നാച്ചുറൽ പ്രോഡക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ,പുള്ളിപ്പാടം -I ,II അർദ്ധവർഷ ജീവനക്കാരുടെ തൊഴിൽ നികുതി

ii)ഫാത്തിമ ബ്രിക്സ് ആന്റ് ക്ലേ പ്രോഡക്റ്റ്സ് ,ടാണ -I ,II അർദ്ധവർഷ ജീവനക്കാരുടെ തൊഴിൽ നികുതി

iii)ഫാത്തിമ ബ്രിക്സ് ആന്റ് ക്ലേ പ്രോഡക്റ്റ്സ്,ഒടായിക്കൽ -I ,II അർദ്ധവർഷ ജീവനക്കാരുടെ തൊഴിൽ നികുതി

മേൽ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി തനത് ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (12/27.06.19)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിയ്ക്കുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള

അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കണം. അപ്രകാരം ചെയ്യാത്തപക്ഷം അപേക്ഷ സ്വീകരിച്ചതായി കരുതപ്പെടും. എന്നാൽ മമ്പാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റിന് ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ,നിരവധി അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | അപേക്ഷകന്റെ പേരും വിലാസവും | അപേക്ഷ ലഭിച്ചതീയ്യതി | പെർമിറ്റ് അനുവദിച്ച തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | അഫ്സൽ വി ,വല്ലൻഞ്ചിറ,ഒടായിക്കൽ പുള്ളിപ്പാടം പി ഒ | 20.07.18 | 03.10.18 | (A2-BA(23477/18) |
| 2 | സ്റ്റാൻലി പുതുശ്ശേരി,പെരകമണ്ണ (പി ഒ) | 24.07.18 | 04.10.18 | (A2-BA(24050/18) |
| 3 | സിറാജുദ്ദീൻ കുപ്പനത്ത്,ടാണ,മമ്പാട് പി ഒ | 13.07.18 | 24.10.18 | (A2-BA(250420/18) |
| 4 | പ്രസിഡണ്ട്,ഹിമായത്ത് ഇസ്ലാംസംഘം,കാട്ടുമുണ്ട നടുവത്ത് പി ഒ | 17.07.18 | 26.10.18 | (A2-BA(252422/18) |
| 5 | വേട്ടേകോടൻ മുഹമ്മദ്,പാറച്ചോല, വടപുറം പി ഒ | 04.06.18 | 09.10.18 | (A2-BA(241592/18) |
| 6 | സന്തോഷ് പൊന്മള പാലപ്പറമ്പ്,വടപുറം പി ഒ | 11.06.18 | 24.09.18 | (A2-BA(225814/18) |

ഫയൽ പരിശോധിച്ചതിൽ എന്തുകൊണ്ടാണ് അപേക്ഷയിൽ തീരുമാനമെടുക്കുവാനും പെർമിറ്റ് അനുവദിക്കുവാനും വൈകിയതെന്ന് വ്യക്തമല്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും ( നം. 20 /29.06.2019)മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതും അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുമാണ്.

# 2-6 ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയില്ല.

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018 -19 വർഷത്തെ വാടക വരുമാനം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ എസ് ഇ ബിയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയിട്ടില്ല.

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 18-01-2016 ലെ 7-ാം നമ്പർ തീരുമാനപ്രകാരം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11-

03-2016 ന് കെട്ടിട നം. 188 മുതൽ 203 വരെയുള്ള 16 റൂമുകൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് താത്കാലികമായി അനുവദിച്ചിട്ടുണ്ട്.പിന്നീട് ഭരണസമിതിയുടെ 07.10.2016 ലെ 13-ാം നം തീരുമാനപ്രകാരം വാടക ഒഴിവാക്കി കെട്ടിടം നൽകാനാവില്ലെന്നും ആയത് അനുവദിച്ച കാലം തൊട്ടുള്ള വാടക നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതിന് ഗവർമെന്റിലേക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിയ്ക്കുകയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നം. 2230/16 തി. 14.11.16 ലെ കത്തിലൂടെ അപേക്ഷ ഉചിതമാർഗ്ഗേന വകുപ്പ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

എന്നാൽ 2018-19 വർഷത്തിലും കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വാടക ഈടാക്കാതെയാണ് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്. ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ഗ്രാമപഞ്ചായത്ത് ഉടമ്പടിയെന്നും ഉണ്ടാക്കിയിട്ടില്ലെന്നും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. പ്രസ്തുത കെട്ടിടങ്ങൾക്ക് വാടക ഈടാക്കുവാൻ സ്വീകരിച്ചതിന്റെ തുടർനടപടി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2) ടി കെട്ടിടത്തിൽ ഒഴിഞ്ഞു കിടക്കുന്ന റൂമുകൾ ലേലം ചെയ്തു നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും( നം. 13/27.06.19) മറുപടി ലഭ്യമാക്കിയില്ല.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-7 രശീതി പരിശോധന – അപാകതകൾ

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 21.07.2018 മുതൽ 19.06.2019 വരെയുള്ള രശീതി വരവ് ,ഒടുക്ക് ,പിൻവലിയ്ക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങൾ 2011 ചട്ടം 24.3 പ്രകാരം ഓരോ മാസവും ബാങ്ക് ബുക്കുകൾ പരിശോധിച്ച് റീകൺസിലേഷൻ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണങ്കിലും ,ആയത് പാലിയ്ക്കുന്നില്ല.ഫ്രണ്ടോഫീസ് മുഖേനയുള്ള വരവ് പ്രതിദിനം ബാങ്കിൽ അടവാക്കുന്നുണ്ടെങ്കിലും,അന്നോ പിറ്റേദിവസമോ അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്.

2)ഗവ.സർക്കുലർ നം.58725/എഫ് .എം 3/2008/തസ്വഭവ തി.26.05.11 പ്രകാരം തനത് വരുമാനം സൂക്ഷിയ്ക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ,ദേശസാൽകൃതബാങ്കിലോ,സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെങ്കിലും ,മമ്പാട് ഗ്രാമപഞ്ചായത്തിൽ നിലവിലും മമ്പാട് സർവ്വീസ് സഹകരണബാങ്കിലുള്ള അക്കൗണ്ടിലും,കേരള ഗ്രാമീണബാങ്കിലുള്ള അക്കൗണ്ടിലും മാറി മാറിയാണ് 2018-19 വർഷത്തിൽ തനത് വരുമാനം നിക്ഷേപിച്ചിട്ടുള്ളത് .അപ്രകാരം ചെയ്യുന്നതു മൂലം ഒരു അക്കൗണ്ടിൽ പണം നിക്ഷേപിച്ച് ബാങ്ക് ബുക്കിൽ മറ്റൊരു അക്കൗണ്ടിൽ അക്കൗണ്ടു ചെയ്യപ്പെടുന്നതു തുടർച്ചയായി സംഭവിയ്ക്കുന്നു.ഉദാ.

i)17.11.18 ന് 23,069 രൂപ കളക്ഷൻ അടവാക്കിയത് കേരള ഗ്രാമീണബാങ്കിലുള്ള അക്കൗണ്ടിലും ,ബാങ്ക് ബുക്കിൽ അക്കൗണ്ടു ചെയ്യപ്പെട്ടത് മമ്പാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ബാങ്ക് ബുക്കിലുമാണ്.

ii)17.12.18 ന് 20,618 രൂപ കളക്ഷൻ അടവാക്കിയത് മമ്പാട് സർവ്വീസ് സഹകരണബാങ്കിലുള്ള അക്കൗണ്ടിലും,ബാങ്ക് ബുക്കിൽഅക്കൗണ്ടു ചെയ്യപ്പെട്ടത് കേരള ഗ്രാമീണ ബാങ്കിന്റെ ബാങ്ക് ബുക്കിലുമാണ്.

അപാകത പിന്നീട് പരിഹരിച്ചിട്ടുണ്ടെങ്കിലും അബദ്ധങ്ങൾ തുടർച്ചയായി സംഭവിയ്ക്കുന്നു.സർക്കാർ നിർദ്ദേശം പാലിച്ച് അപാകത പരിഹരിയ്ക്കേണ്ടതാണ്.

3)മാന്വൽ രശീതിയിൽ തുകയെഴുതി, പിന്നീട് കാൻസൽ ചെയ്യുമ്പോൾ മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ആയതിൽ വീഴ്ച വരുന്നുണ്ട്. ഉദാ.

രശീതി ന. 43886/28 തി. 30.01.18 ന് 179 രൂപ തുകയെഴുതി കാൻസൽ ചെയ്തത്.

4)വർഷാവസാനം ഉപയോഗിയ്ക്കാതെ അവശേഷിയ്ക്കുന്ന മാന്വൽ രശീതികൾ ദുരുപയോഗം ചെയ്യപ്പെടാതിരിയ്ക്കുവാൻ കാൻസൽ ചെയ്യുവാൻ പ്രത്യേക ശ്രദ്ധപുലർത്തേണ്ടതാണ്.മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാന്വൽ രശീതികളും ഇപ്രകാരം ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഉദാ. വെറ്ററിനറി സർജന് ഇഷ്യു ചെയ്ത 43896 നം.രശീതി ബുക്കിലെ 47 മുതൽ 100 വരെയുള്ള രശീതികൾ കാൻസൽ ചെയ്തിട്ടില്ല. 2018-19 വർഷത്തേക്ക് നൽകിയ ബുക്ക് നം. 43894,895 എന്നിവ ഉപയോഗിച്ചിട്ടില്ലെങ്കിലും തിരിച്ചേൽപ്പിച്ചിട്ടുമില്ല.കൃഷി ഓഫീസർക്ക് ഇഷ്യു ചെയ്ത 34569 നം.രശീതി ബുക്കിലെ 65 മുതൽ 100 വരെയുള്ള രശീതികൾ കാൻസൽ ചെയ്തിട്ടില്ല.

5)കേരള ഗ്രാമീണബാങ്ക് മമ്പാട് ശാഖയിലെ പാഡി ,മണൽ അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകളൊന്നും നടക്കുന്നില്ലെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.അക്കൗണ്ടുകൾ അവസാനിപ്പിച്ച് പ്രസ്തുത അക്കൗണ്ടുകളിലെ തുക അർഹമായ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.21/29.06.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ്വ ശുചീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല.

2018-2019 ലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡൊന്നിനു 10000 രൂപ വീതം ചെലവഴിക്കുന്നതിനു വേണ്ടി ഉത്തരവ് നമ്പർ 67/ഡി/18/എം.എൽ.പി/എസ്.എം തി. നിൽ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിനു 190000 രൂപ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അനുവദിക്കുകയും ആയത് ഗ്രാമപഞ്ചായത്ത് വൗച്ചർ നമ്പർ 21800167/20.6.18 പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് മെഡിക്കൽ ഓഫീസർ ഓരോ വാർഡിലേയും സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ദേശീയ ആരോഗ്യ മിഷനിൽ നിന്നും ലഭിക്കുന്ന ഫണ്ടും ഈ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ അക്കൗണ്ടുകളിൽനിന്ന് പതിനായിരം രൂപയിലധികം ചെലവഴിച്ചിട്ടുണ്ടെങ്കിലും പതിനായിരം രൂപയുടെ ചെലവ് രേഖകളാണ് ഓഡിറ്റിന് നൽകിയത്. വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകൾ പരിശോധിച്ചതിൽ പല അക്കൗണ്ടുകളിലും തുക ചെലവഴിക്കാൻ അവശേഷിക്കുകയാണ്. ഓരോ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളും പ്രത്യേകം കാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ചില കമ്മിറ്റികളുടെ പാസ് ബുക്ക് - കാഷ്ബുക്ക് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ഓരോ കമ്മിറ്റികളുടെയും പാസ് ബുക്ക് - കാഷ്ബുക്ക് കണക്കുകൾ, അപാകതകൾ എന്നിവ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ, അക്കൗണ്ട് നമ്പർ | പാസ് ബുക്ക് വിവരങ്ങൾ | | കാഷ് ബുക്ക് വിവരങ്ങൾ, അപാകതകൾ |
|---|---|---|---|
| 1, | മുൻബാക്കി | 43201 | പാസ് ബുക്ക് കാഷ്ബുക്ക് |
| | | | |

| | | | |
|---|---|---|---|
| 67183900232 | വരവ് | 27195 | കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ട്. |
| | ചെലവ് | 19253 | |
| | നീക്കിയിരിപ്പ് | 51143 | |
| 2, 32617853667 | മുൻബാക്കി | 27977 | കാഷ്ബുക്കിൽ ബാങ്ക് ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| | വരവ് | 20701 | |
| | ചെലവ് | 45891 | |
| | നീക്കിയിരിപ്പ് | 2787 | |
| 3, 67280918089 | മുൻബാക്കി | 33646 | 28.3.19 ലെ ബാങ്ക് ബാലൻസ് കാഷ്ബുക്കിൽ 38756 രൂപയുണ്ട്. എന്നാൽ പാസ് ബുക്ക് പ്രകാരം 37770 രൂപ മാത്രം. |
| | വരവ് | 21510 | |
| | ചെലവ് | 17386 | |
| | നീക്കിയിരിപ്പ് | 37770 | |
| 4, 32624633074 | മുൻബാക്കി | 31718 | പാസ് ബുക്ക് കാഷ്ബുക്ക് കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ട്. |
| | വരവ് | 21290 | |
| | ചെലവ് | 30627 | |
| | നീക്കിയിരിപ്പ് | 22381 | |
| 5, 32617929413 | മുൻബാക്കി | 18084 | കാഷ്ബുക്കിൽ 29.10.18 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. കാഷ്ബുക്ക് പ്രകാരം ബാങ്ക് ബാലൻസ് ഇല്ല. |
| | വരവ് | 30554 | |
| | ചെലവ് | 36210 | |
| | നീക്കിയിരിപ്പ് | 12428 | |
| 6, 32606151105 | മുൻബാക്കി | 24520 | കാഷ്ബുക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 10000 രൂപയുടെ വിനിയോഗം മാത്രം രേഖപ്പെടുത്തി. കാഷ്ബുക്ക് പ്രകാരം ബാങ്ക് ബാലൻസ് ഇല്ല. |
| | വരവ് | 30444 | |
| | ചെലവ് | 53219 | |
| | നീക്കിയിരിപ്പ് | 1745 | |
| 7, 40163101052310 KGB | മുൻബാക്കി | 24130 | കാഷ്ബുക്കിൽ 1.10.18 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. |
| | വരവ് | 20374 | |
| | ചെലവ് | 8343 | |
| | നീക്കിയിരിപ്പ്(16.10.18) | 36161 | |
| 8, 32617931557 | മുൻബാക്കി | 26050 | കാഷ്ബുക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 10000 രൂപയുടെ വിനിയോഗം മാത്രം രേഖപ്പെടുത്തി. കാഷ്ബുക്ക് പ്രകാരം ബാങ്ക് ബാലൻസ് ഇല്ല. |
| | വരവ് | 20471 | |
| | ചെലവ് | 44719 | |
| | നീക്കിയിരിപ്പ് | 1802 | |
| 9, 33514857741 | മുൻബാക്കി | 32013 | പാസ് ബക്ക് കാഷ്ബുക്ക് കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ട്. |
| | വരവ് | 21054 | |
| | ചെലവ് | 49300 | |

| | | | |
|---|---|---|---|
| | നീക്കിയിരിപ്പ് | 3767 | |
| 10, 67183900980 | മുൻബാക്കി | 43229 | പാസ് ബുക്ക് കാഷ്ബുക്ക് കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ട്. |
| | വരവ് | 21801 | |
| | ചെലവ് | 29359 | |
| | നീക്കിയിരിപ്പ് | 35671 | |
| 11, 32618017905 | മുൻബാക്കി | 16639 | കാഷ്ബുക്കിൽ 10.8.18 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. ബാങ്ക് ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| | വരവ് | 30312 | |
| | ചെലവ് | 40982 | |
| | നീക്കിയിരിപ്പ് | 5969 | |
| 12, 32618012248 | മുൻബാക്കി | 38380 | കാഷ്ബുക്കിൽ 10.10.18 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. ബാങ്ക് ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| | വരവ് | 20811 | |
| | ചെലവ് | 55649 | |
| | നീക്കിയിരിപ്പ് | 3542 | |
| 13, 40163111000186 (KGB) (26.9.18) | മുൻബാക്കി | 17786 | കാഷ്ബുക്കിൽ 1.10.18 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. |
| | വരവ് | 20000 | |
| | ചെലവ് | 15080 | |
| | നീക്കിയിരിപ്പ് | 22706 | |
| 14, 32617848557 | മുൻബാക്കി | 29528 | കാഷ്ബുക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 10000 രൂപയുടെ വിനിയോഗം മാത്രം രേഖപ്പെടുത്തി. |
| | വരവ് | 25546 | |
| | ചെലവ് | 46800 | |
| | നീക്കിയിരിപ്പ് | 8274 | |
| 15, 312618013659 | മുൻബാക്കി | 15719 | പാസ് ബുക്ക് പ്രകാരം 20.2.19 ന 8474 രൂപ ബാലൻസ് ഉണ്ട്. കാഷ്ബുക്ക് പ്രകാരം ബാലൻസ് ഇല്ല. |
| | വരവ് | 25455 | |
| | ചെലവ് | 32700 | |
| | നീക്കിയിരിപ്പ് | 8474 | |
| 16, 32768582986 | മുൻബാക്കി | 22031 | കാഷ്ബുക്കിൽ ബാങ്ക് ബാലൻസ് സംബന്ധിച്ച വിവരമില്ല. |
| | വരവ് | 21089 | |
| | ചെലവ് | 41150 | |
| | നീക്കിയിരിപ്പ് | 1970 | |
| 17, 32617850145 | മുൻബാക്കി | 11018 | പാസ് ബുക്ക് കാഷ്ബുക്ക് കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ട്. |
| | വരവ് | 20627 | |
| | ചെലവ് | 18434 | |
| | നീക്കിയിരിപ്പ് | 13211 | |

| | | | |
|---|---|---|---|
| 18,<br>32617852405 | മുൻബാക്കി | 39094 | കാഷ്ബുക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 10000 രൂപയുടെ വിനിയോഗം മാത്രം രേഖപ്പെടുത്തി. |
| | വരവ് | 30476 | |
| | ചെലവ് | 68201 | |
| | നീക്കിയിരിപ്പ് | 1369 | |
| 19,<br>32617855462 | മുൻബാക്കി | 47081 | കാഷ്ബുക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിച്ച 10000 രൂപയുടെ വിനിയോഗം മാത്രം രേഖപ്പെടുത്തി. |
| | വരവ് | 21291 | |
| | ചെലവ് | 49790 | |
| | നീക്കിയിരിപ്പ് | 18582 | |

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 281278 രൂപ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുകയാണ്. വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ മുഴുവൻ വരവും ചെലവും അക്കൗണ്ട് ചെയ്യേണ്ടതും കാഷ് ബുക്ക്, പാസ് ബുക്ക് തുകകൾ വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്. പി.എച്ച്.സി മെഡിക്കൽ ഓഫീസർ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/25.8.19 ന മറുപടി ലഭ്യമാക്കിയില്ല.

# 3-2 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ അഡ്വാൻസ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിനു വേണ്ടി 2018 -19 ൽ നൽകിയ അഡ്വാൻസ് തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 21800629/22.5.18 | 100000 | പി.എച്ച്.സി മെഡിക്കൽ ഓഫീസർ |
| 21800110/22.5.18 | 25000 | വെറ്ററിനറി സർജൻ |
| 21800194/20.6.18 | 15000 | കൃഷി ഓഫീസർ |
| 21800442/16.10.18 | 10000 | കൃഷി ഓഫീസർ |
| 21800925/15.03..19 | 4450 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 21800629/12.01.19 | 100000 | പി.എച്ച്.സി മെഡിക്കൽ ഓഫീസർ |
| ആകെ | 254450 | |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിനു വേണ്ടി ജി.ഒ. (എം.എസ്) 80/17 പ്രകാരം അനുമതി നൽകിയ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. സ്ഥാപന മേലാധികാരികൾ വാർഷിക ആവശ്യകത പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടില്ല.

2. സ്ഥാപന മേലാധികാരികൾ യഥാസമയം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പി.എച്.സി മെഡിക്കൽ ഓഫീസർ 22.5.2018 ന കൈപറ്റിയ 100000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നൽകാതെ വീണ്ടും തുക അനുവദിച്ചത് ശരിയല്ല. വിനിയോഗ സാക്ഷ്യപത്രം ഉടൻ ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/26.6.2019 -ന് മറുപടിലഭ്യമാക്കിയിട്ടില്ല.

## 3-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ വിവിധ സർക്കാർ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | വൗച്ചർ / ബിൽ നമ്പർ/ തിയ്യതി | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 8/18-19 എസ്.എസ്.എ വിഹിതം നൽകൽ | 4/31.5.18 | 1500000 | എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസർ, |
| 35/18-19 സ്ട്രീറ്റ് മെയിനിന്ന തുക അടവാക്കൽ | 14/22.10.18 | 300000 | കെ.എസ്.ഇ.ബി |
| 41/18-19 വടപുറം യു.പി സ്കൂളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 16/13.11.18 | 100000 | കേരള വാട്ടർ അതോറിറ്റി |
| 42/18-19, ടാണ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 18/13.11.18 | 200000 | കേരള വാട്ടർ അതോറിറ്റി |
| 43/18-19 ബീംബുങ്ങൽ പരതമ്മൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 19/13.11.18 | 50000 | കേരള വാട്ടർ അതോറിറ്റി |
| 188/18-19 ഭിന്നശേഷിക്കാർക്ക് ഫിസിയോ തെറാപ്പി സെന്റർ - ബ്ലോക്ക് പഞ്ചായത്തിന വിഹിതം നൽകൽ | 20/21.11.18 | 200000 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്. |
| 221/18-19 മമ്പാട്ടുങ്ങാടി കടവ് മേൽപാലം റിപ്പയർ | 22/10.12.18 | 1050000 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി. |
| | ആകെ | 3400000 | |

ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം ഗ്രാമപഞ്ചായത്തിന നൽകിയതായി കാണുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അത് വരെ ചെലവ് തുക 3400000 രൂപ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/26.6.2019 ന മറുപടിലഭ്യമാക്കിയിട്ടില്ല.

## 3-4 ലൈബ്രറികളിലെ പത്രവിതരണചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് സംബന്ധിച്ച്.

കൈരളി വായനശാല ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബിന പത്രം നൽകിയതിന്ന വൗച്ചർ നമ്പർ 21801126/27.3.19 പ്രകാരം 7800 രൂപ ഗ്രാമപഞ്ചായത്ത് കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി

ചെലവഴിച്ചിട്ടുണ്ട്. ഈ ലൈബ്രറി ഗ്രാമപഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമോ ഗ്രാമപഞ്ചായത്തിനു കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ അല്ലെന്നു കാണുന്നു. പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊജക്ട് തയ്യാറാക്കാതെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ഈ ചെലവുകൾ വഹിക്കുന്നതിനു ഗ്രാമപഞ്ചായത്തിനു അധികാരം നൽകുന്ന നിയമവ്യവസ്ഥയില്ല. ഇത്തരം ചെലവുകൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/26.9.2019 ക്ക് മറുപടി നൽകിയിട്ടില്ല.

# 3-5 എസ്റ്റിമേറ്റിലും, അളവു പുസ്തകത്തിലും രേഖപ്പെടുത്തിയതിനു വിരുദ്ധമായി കനം കുറഞ്ഞ ഷീറ്റ് മേഞ്ഞു--കരാറുകാരന് അധികം തുക അനുവദിച്ചു.

ഗ്രാമപഞ്ചാത്ത് 2018-19 ൽ നിർവ്വഹണം നടത്തിയ ചില കെട്ടിട നിർമ്മാണങ്ങളിൽ റൂഫിംഗ് ചെയ്തതിന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് വിരുദ്ധമായി കനം കുറഞ്ഞ അലുമിനിയം ഷീറ്റ് മേഞ്ഞതു വഴി കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്. 25.06.2019 ന് നടത്തിയ സൈറ്റ് പരിശോധനയിലാണ് ഇക്കാര്യം സ്ഥിരീകരിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | അളവ് പുസ്തകം പ്രകാരം തുക നൽകിയതിന്റെ വിവരം | യഥാർത്ഥത്തിലുള്ള കനം/ റിമാർക്സ് |
|---|---|---|
| പ്രൊജക്ട് നം.196/19-വനിതാ സൗഹൃദ വിശ്രമകേന്ദ്രം പൂർത്തീകരണം<br>കരാറുകാരൻ-അനീഷ്.പി<br>അളവ് പുസ്തകം-116/18-19<br>ബിൽ നം.106/18-19/30.03.19-99929 | Item No.2-Roofing with GI hard Powder coated Trafford sheet with 0.35 mm thick<br>53.24m2x@618.43=32925.21 | 0.30mm |
| പ്രൊജക്ട് നം.182/19-മമ്പാട് ഷോപ്പിംഗ് കോംപ്ലക്സ് മേൽക്കൂര ഷീറ്റിടൽ<br>കരാറുകാരൻ-സുൽഫീക്കറലി.എം<br>അളവ് പുസ്തകം-62/18-19<br>ബിൽ നം.84/18-19/19.03.19-274743 | Item No.6-Roofing with GI hard Powder coated Trafford sheet with 0.35 mm thick<br>156,60m2x@618.43=196846 | 0.30mm |
| പ്രൊജക്ട് നം.175/19-മേപ്പാടം സ്കൂളിന് സ്റ്റേജ് | Item No.6-Roofing with GI hard Powder coated | ഷീറ്റിന്റെ കനം വ്യക്തമല്ല. ഗുണനിലവാരം കുറഞ്ഞ |

| | | |
|---|---|---|
| നിർമ്മാണം<br>കരാറുകാരൻ-ഫാസിൽ കെ.പി<br>അളവു പുസ്തകം-60/18-19,60A/18-19<br>ബിൽ നം.102/18-19/30.03.19-377469 | Trafford sheet with 0.35 mm thick<br>69.01m2x@618.43=42677.85 | ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. |
| പ്രൊജക്ട് നം.267/19-തെക്കുംപാടം അംഗൻവാടി മെയിന്റനൻസ്<br>കരാറുകാരൻ-അബ്ദുൽ ലത്തീഫ്<br>അളവു പുസ്തകം-89/17-18<br>ചെക്ക് നം.2059546/30.03.19-280349 | Item No.2-1-Roofing with GI hard Powder coated Trafford sheet with 0.35 mm thick<br>96.81m2x@623.49=60360.07 | ഷീറ്റിന്റെ കനം വ്യക്തമല്ല. ഗുണനിലവാരം കുറഞ്ഞ ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. |

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/26.06.2019)ക്ക് ശേഷം ക്രമ നം.1,2 എന്നിവയിൽ അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്. (രശീതി നം.119050101260/27.06.19—1194,119050101261/27.06.19—3510).എന്നാൽ കനം കുറഞ്ഞ ഷീറ്റ് മേഞ്ഞു എന്ന അപാകത നില നിൽക്കുന്നു. ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെ സൂപ്പർവിഷനിലും, മോണിറ്ററിംഗിലെ വീഴ്ചയും ഉണ്ടായിട്ടുണ്ട്. അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം.3,4 എന്നിവയിൽ-ഷീറ്റിന്റെ കനവും ഗുണനിലവാരവും പരിശോധിച്ച് സ്ഥിരീകരണം നടത്തി തുക അധികം നൽകാനിടയായിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാകാതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം ചെലവഴിച്ചു.

സ.ഉ.(കൈ) നം.11/2018 തസ്വഭവ തീ.29.01.2018-പതിമൂന്നാം പഞ്ച വൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം മുഖ്യ പങ്കാളിയാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് വിശദമായ പ്രൊജക്ട് തയ്യാറാക്കേണ്ടത്. പങ്കാളിയാകുന്നവർ തുക നൽകുന്നതിനായുള്ള പ്രൊജക്ടും തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചാത്ത് 2018-19-ൽ നടപ്പിലാക്കിയ രണ്ട് പ്രൊജക്ടുകളിൽ കൃഷിക്ക് കൂലിച്ചെലവ് നൽകുന്നതിന് 50% ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിഹിതം ലഭ്യമാകാതെ ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിവരം | തുക അനുവദിച്ചതിന്റെ | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | വിവരം | |
| പ്രൊജക്ട് നം. 25/19<br><br>പച്ചക്കറി കൃഷി വികസന പദ്ധതി<br><br>അടങ്കൽ (കൂലിച്ചെലവ്)-<br><br>ഗ്രാമപഞ്ചായത്ത് വിഹിതം-170000<br><br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-170000 | ബിൽ നം.2/29.10.18-85000<br><br>ബിൽ നം.6/14.01.19-85000<br><br>ആകെ -170000 | ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ./14.02.2018-സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഹെക്ടറിന് 17000 എന്ന പരിധിക്ക് വിധേയമായി കൃഷിഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി ഹെക്ടറിന് 8500 എന്ന കണക്കിൽ 64 കർഷകർക്ക് സബ്സിഡി നൽകി. |
| പ്രൊജക്ട് നം. 4/19<br><br>സമഗ്ര നെൽക്കൃഷി വികസനം<br><br>അടങ്കൽ (കൂലിച്ചെലവ്)-<br><br>ഗ്രാമപഞ്ചായത്ത് വിഹിതം-622880<br><br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-622880 | ബിൽ നം.3/10.12.18-622880 | പ്രകാരം ഹെക്ടറിന് 17000 എന്ന പരിധിക്ക് വിധേയമായി കൃഷിഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി ഹെക്ടറിന് 8500 എന്ന കണക്കിൽ 121 കർഷകർക്ക് സബ്സിഡി നൽകി. |

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/26.06.2019) ക്ക് മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രത്യേക പ്രൊജക്ട് മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകുകയും, തുക അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് സംയുക്ത പ്രൊജക്ടുകൾ നിർവ്വഹണം നടത്തേണ്ടതാണ്.

# 3-7 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല**

കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീ.29.03.2017-പദ്ധതിമാർഗ്ഗരേഖ, സ.ഉ.(കൈ) നം.11/2018 തസ്വഭവ തീ.29.01.2018-പതിമൂന്നാം പഞ്ച വൽസര പദ്ധതി മാർഗ്ഗരേഖ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പാലിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെ സ്ട്രക്ചറിനും, അനുബന്ധ പ്രവൃത്തികൾക്കും പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് വനിതാ വിശ്രമകേന്ദ്രം കെട്ടിടത്തിന്റെ സ്ട്രക്ചർ മുൻ വർഷത്തിൽ ചെയ്ത്, ഓഡിറ്റ് വർഷത്തിൽ 2 പ്രൊജക്ടുകൾ പൂർത്തീകരണത്തിനായി നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും,പ്രൊജക്ട് നം.232/18, 196/19) വയറിംഗ് പ്രവൃത്തി ഇപ്പോഴും ചെയ്തിട്ടില്ല. കെട്ടിടം ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്നതിന് പര്യാപ്തമായിട്ടില്ല. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിർമ്മിക്കുന്ന മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ സ്ട്രക്ചർ നിർമ്മാണം (പ്രൊജക്ട് നം.253/18) മാത്രമാണ് 2018-19-ൽ ചെയ്തിട്ടുള്ളത്.

<u>ടെണ്ടർ നടപടി ക്രമങ്ങൾ; മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല</u>

2018-19 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിലെല്ലാം രണ്ടു പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചു കാണുന്നത്. ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കോ,അല്ലെങ്കിൽ നേരിയ കുറവോ (0.01%) ക്വാട്ട് ചെയ്തതായി കാണുന്നു. നാമമാത്രമായ പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ളത്. പ്രവൃത്തികൾ ടെണ്ടർ ചെയ്യപ്പെടുന്നതിൽ നിന്നും ഗ്രാമ പഞ്ചായത്തിന് സാമ്പത്തികമായ പ്രയോജനം ലഭിക്കുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം പുലർത്തുന്നില്ല. ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും അത് വഴി പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

# 3-8 മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.

പ്രൊ. നം. 57/19: പെയിൻ & പാലിയേറ്റീവ് പരിരക്ഷ

പ്രൊ. നം. 64/19: PHCക്ക് മരുന്ന്, ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങൽ

പ്രൊ. നം. 79/19: വയോജനങ്ങൾക്ക് ജനറൽ ഒ.പി. വഴി മരുന്ന് വിതരണം

താഴെ കാണിച്ച പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി KMSCL -ന് മുൻകൂർ നല്കിയതിൽ കിട്ടാനുള്ളവയുടെ വിവരം ഇപ്രകാരമാണ്.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | മുൻകൂർ തുക | പ്രൊജക്ട് | കിട്ടിയത് | ബാക്കി |
|---|---|---|---|---|---|
| 1 | 14/27-2-19 | 7,20,000 | 64/19 | 0 | 7,20,000 |
| 2 | 15/27-2-19 | 4,00,000 | 79/19 | 1,40,122 | 2,59,878 |
| 3 | 16/27-2-19 | 3,15,000 | 57/19 | 73,749 | 2,41,251 |
| 4 | 22/26-3-19 | 40,000 | 64/19 | 0 | 40,000 |

| | | | | | |
|---|---|---|---|---|---|
| | | 14,75,000 | | 2,13,871 | 12,61,129 |

മരുന്നുകൾ ഗഡുക്കളായിട്ടാകും ലഭിക്കുകയെന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിനു നൽകുന്ന പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ 12,61,129 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

( അപാകതകൾ <u>ഓഡിറ്റ് എൻക്വയറി നം.2/24-6-2019</u> മുഖേന ശ്രദ്ധയിൽപെടുത്തി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

## 3-9 ലൈഫ് ഭവനനിർമ്മാണ പദ്ധതി-പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ആകെ 100 പേർ എഗ്രിമെന്റ് വെച്ചതിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ഗഡുക്കളും കൈപ്പറ്റിയവർ 25 പേർ മാത്രമാണ്. 75 പേർ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. 2018-19 തുടക്കത്തിൽ അഡ്വാൻസായി ആദ്യ ഗഡു കൈപ്പറ്റുകയും പിന്നീട് ഓഡിറ്റ് തീയതി വരെ മറ്റു ഗഡുക്കൾ കൈപ്പറ്റുകയും ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. ഇവർ വീടു നിർമ്മാണത്തിന്റെ ആദ്യഘട്ടം പോലും പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| സൌദാബി W/o അബ്ദുൽ റഹീം | 40000 | 30.05.2018 |
| ആമിന വാൽത്തൊടിക | 40000 | 14.06.2018 |
| റഹിയാനത്ത് W/o അലി അസ്കർ | 40000 | 14.06.2018 |
| നഫീസ W/o സിദ്ദിഖ് കാഞ്ഞിരാല | 40000 | 14.06.2018 |
| റംലത്ത് W/o സുനിൽ ബാബു | 40000 | 13.08.2018 |

ഇവരുടെ വീടുനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-10 സപ്ലൈ ചെയ്യാത്ത സാധനത്തിന് വില നൽകിയത് ക്രമ വിരുദ്ധം

| വൗച്ചർ/ തിയ്യതി | തുക | പ്രൊജക്ട് |
|---|---|---|
| 17/20-3-19 | 16,665 | 64/19 |
| 20/20-3-19 | 16,665 | 64/19 |
| **ആകെ** | **33,330** | |

മുകളിൽ കാണിച്ച വൗച്ചറുകൾ പ്രകാരം ഓരോ പ്രിന്റർ- കോപ്പിയർ- സ്കാന്നർ വാങ്ങുന്നതിനായി KELTRON ന് മുൻകൂർ നല്കിയിട്ടുണ്ട്. പ്രൊജക്ട് രൂപീകരണ ഫോറം 3-ന്റെ ഖണ്ഡിക 31, 33 എന്നിവയിൽ

ഈ ഉപകരണം വാങ്ങുന്നതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. ഖണ്ഡിക 33 പ്രകാരം, മരുന്നുകളല്ലാത്ത എല്ലാ വസ്തുക്കളും ക്വട്ടേഷൻ/ ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങേണ്ടത്. എന്നാൽ ഇത്തരം നടപടികളിലൂടെയല്ലാതെയും, മുൻകൂർ തുക നൽകാൻ അനുമതിയില്ലാത്ത സ്ഥാപനത്തിന് തുക നൽകിയും ഉള്ള ഈ നടപടി ക്രമപ്രകാരമല്ല. സ്ഥാപനവുമായി യാതൊരു കരാറിലും ഏർപ്പെട്ടതായി കാണുന്നുമില്ല. കൂടാതെ, ടി വസ്തുക്കൾ നാളിതു വരെ ലഭ്യമായിട്ടുമില്ല.

അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/24-6-2019-ന് GO(MS)No. 24/2017/ITD Dt. 18-11-2017, GO(MS)25/2018/ITD Dt. 1-2-2018 എന്നിവ സൂചനകൾ ഉള്ള സർക്കുലർ നം. ഐ.ടി. സെൽ 1/26/2019/വി.സ.വ. തി: 18-3-19 പ്രകാരമാണ് വില നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ കിട്ടാത്ത സാധനങ്ങൾക്ക് തുക നൽകാൻ പറഞ്ഞിട്ടില്ല.

നിയമവിരുദ്ധമായി സർക്കാർ പണം പിൻവലിച്ചതിന് അർഹമായ പലിശ സഹിതം 33,330 രൂപ തിരിച്ചീടാക്കേണ്ടതാണ്.

# 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനഘടകങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

2018-19 വർഷത്തിൽ 20 മെറ്റീരിയൽ പ്രവൃത്തികൾ NREGS മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി TIN നമ്പർ ഉള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരുമായി സാധനഘടകങ്ങൾ സപ്ലൈ ചെയ്യുന്നതിന് എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തികൾ പൂർത്തിയായ മുറയ്ക്ക് ബിൽ തയ്യാറാക്കി, കരാറുകാർക്ക് സാധനഘടകങ്ങളുടെ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ആദായനികുതി റിക്കവറി നടത്തിയിട്ടില്ല. ആദായനികുതി നിയമം സെക്ഷൻ 194C അനുസരിച്ച് 30000 രൂപയ്ക്കു മുകളിലുള്ള ഇടപാട് നടത്തുന്ന കരാറുകാരിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതാണ്. ക്രമപ്രകാരമുള്ള ആദായനികുതി ഈടാക്കാത്തതിനാൽ വകുപ്പിനുണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

| കരാറുകാരുടെ പേര് | പ്രവൃത്തികളുടെ എണ്ണം | ആകെ കൈപ്പറ്റിയ തുക | 1% ആദായനികുതി |
|---|---|---|---|
| കാസിം .വി.ടി. | 10 | 1768297 | 17683 |
| മുസ്തഫ കമാൽ.കെ. | 10 | 2473981 | 24740 |
| ആകെ | 20 | 4242278 | 42423 |

തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

# 3-12 ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകൾ അപാകതകൾ

2018-19 വർഷത്തിൽ ഹെഡ്മിസ്ട്രസ് ജി എം എൽ പി എസ് മമ്പാട് നിർവ്വഹണം നടത്തിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) പ്രോജക്റ്റ് നം. 58/19**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ കസേര

വിനിയോഗിച്ച തുക – 1,50,000 രൂപ

ബിൽ നം. 2/18-19/ 26.02.19

30 വിതം മേശയും കസേരയും (സ്റ്റീൽ ) വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 22/2018/ ത.സ്വ.ഭ.വ തി. 14.02.18 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന പട്ടിക പ്രകാരം സ്കൂൾ അധികൃതർ മുഖേനയാണ് പ്രസ്തുത ഉപകരണങ്ങൾ വിതരണം നടത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് . ആയതിനു പകരം സ്കൂൾ അധികൃതരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി നേരിട്ടു വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത് . രേഖകൾ പരിശോധിച്ചതിൽ അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ആനുകൂല്യം വിതരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.
അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും,ഭാവിയിൽ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ സ്കൂൾ അധികൃതർ മുഖേന ഉപകരണങ്ങൾ വിതരണം നടത്തുവാൻ ശ്രദ്ധിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**2)പ്രോജക്റ്റ് നം.150/19**

സമഗ്ര വിദ്യാഭ്യാസ പദ്ധതി

വിനിയോഗിച്ച തുക – 1,50,000 രൂപ(തനത് ഫണ്ട് )

ചെക്ക് നം. 374220/22.03.19

മമ്പാട് ഗ്രാമപഞ്ചായത്തിലെ 13 സ്കൂളുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിന്റെ മുഖ്യധാരയിലെത്തിയ്ക്കുന്നതിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളത് . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i)വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കി

പദ്ധതി പ്രകാരം 13സ്കൂളുകളിലും എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കണം,അല്ലെങ്കിൽ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ട ചിട്ടയായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നതു സംബന്ധിച്ച് കൃത്യമായ പദ്ധതി തയ്യാറാക്കാതെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്.

ii)പദ്ധതി പ്രകാരം തുക ലഭിച്ച താഴെ പറയുന്ന സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി,അതുകൊണ്ട് എന്തെല്ലാം പ്രയോജനം ലഭിച്ചുവെന്നത് സംബന്ധിച്ച് വിവരം,പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർപട്ടിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | എ എം യു പി എസ് ,മമ്പാട് | 24,500 |
| 2 | ജി എം എൽ പി എസ് കാട്ടുമുണ്ട (ഈസ്റ്റ് ) | 9,500 |
| 3 | പി എം എൽ പി എസ് ,ഒടായിക്കൽ | 9,500 |
| 4 | ജി എം എൽ പി എസ്,പുല്ലോട് | 9,500 |
| | | |

| | | |
|---|---|---|
| 5 | ജി എം യു പി എസ് കാട്ടുമുണ്ട (ഈസ്റ്റ് ) | 19,500 |
| 6 | ജി എൽ പി എസ് ,പുള്ളിപ്പാടം | 9,500 |

iv)13സ്കൂളുകൾക്കും വിവിധ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. ആയത് എപ്രകാരമെന്ന് ഫയലിൽ വ്യക്തമല്ല.

v)പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( ഓഡിറ്റ് എൻക്വയറി നം. 18/29.06.2019 വ്യക്തമായ മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയില്ല.പദ്ധതിയ്ക്കായി ചെലവഴിച്ച 1,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**3) പ്രോജക്റ്റ് നം.97/19**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിനിയോഗിച്ച തുക -25,00,000 രൂപ

12,98,000 രൂപ (പ്ലാൻ) - ബിൽ നം. 1/18-19/22.11.19

2,01,508 രൂപ (തനത്ഫണ്ട് ) - ചെക്ക് നം. 374219/22.03.19

8,52,172 രൂപ - ചെക്ക് നം. 7028770/22.03.19 - 8,52,172 രൂപ (ജില്ലാപഞ്ചായത്ത് വിഹിതം )

1,47,828 രൂപ (ജില്ലാപഞ്ചായത്ത് വിഹിതം ) - ചെക്ക് നം/ തീയ്യതി എന്നിവ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് .പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i)ആദർശ് എം,പറമ്പാടൻ (വീട്),കാട്ടുമുണ്ട,നടുവത്ത് (പി ഒ) എന്ന വിദ്യാർത്ഥിക്ക് മെഡിയ്ക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 60% ശ്രവണവൈകല്യമാണുള്ളത്.റഹ്മാനിയ സ്കൂൾ ഫോർ മെന്റലി ഹാൻഡിക്കാപ്പ്ഡ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ പഠിയ്ക്കുന്ന വിദ്യാർത്ഥിയ്ക്ക് മാനസികവൈകല്യമുള്ളതായി സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിലും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 20,440 രൂപ മാനസികവൈകല്യമുള്ള കുട്ടികളുടെ വിഭാഗത്തിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. കാരണം വ്യക്തമല്ല.

ii)ബഥാനിയ സ്പെഷ്യൽ സ്കൂൾ,പുളിയ്ക്കലോടിയിൽ പഠിയ്ക്കുന്ന മിനി കുരിയിൽ (വീട്),വടപുറം,വള്ളിക്കെട്ട് ,പുളിക്കലോടി എന്ന വിദ്യാർത്ഥിനിക്ക് മെഡിയ്ക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 95% ശ്രവണവൈകല്യമാണുള്ളത്.എന്നാൽ 20,440 രൂപ മാനസികവൈകല്യമുള്ള കുട്ടികളുടെ വിഭാഗത്തിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. കാരണം വ്യക്തമല്ല.

iii)ജാബിർ എം ടി ,മങ്കരത്തൊടിക,വാർത്തിച്ചോല,മമ്പാട് പി ഒ,എന്ന വിദ്യാർത്ഥിയ്ക്ക് 13,000 രൂപ ശാരീരികവൈകല്യമുള്ളവരുടെ വിഭാഗത്തിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥി ഏത് സ്ഥാപനത്തിൽ പഠിയ്ക്കുന്നുവെന്ന് വ്യക്തമല്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( ഓഡിറ്റ് എൻക്വയറി നം. 18/29.06.2019 വ്യക്തമായ മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയില്ല.മേൽ ക്രമനം.1,2 ലെ വിദ്യാർത്ഥികളുടെ കാര്യത്തിൽ 2019-20 വർഷത്തിൽ അനുവദിയ്ക്കുന്ന സ്കോളർഷിപ്പിൽ നിന്നും അധികമായി അനുവദിച്ച തുക കുറവുചെയ്ത് ക്രമികരിച്ചും,ജാബിർ എം ടി എന്ന വിദ്യാർത്ഥി പഠിയ്ക്കുന്ന സ്ഥാപനത്തിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-13 കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ

പ്രൊ. നം.44/19 : കന്നുകുട്ടി പരിപാലന പദ്ധതി

ബിൽ നം.2/18-19/12-1-19 Rs. 2,56,250

ഈ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്ന് ബിൽ തുക അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, Regional Animal Husbandary Centre, Nilambur ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. APO ആയതിന് 29-1-19ലെ 954023/09541 നമ്പർ TR5 രസീതിയും നല്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) നിർവഹണ ഉദ്യോഗസ്ഥനല്ലാത്ത APO-യ്ക്ക് തുക കൈമാറിയതിന്റെ കാരണം വ്യക്തമല്ല.

3) പദ്ധതി പ്രകാരമുള്ള യാതൊരു ചെലവിന്റെയും രേഖകൾ ഫയലിലില്ല. തുക ചെലവഴിക്കാതെ, മുൻകൂറായി പണം പിൻവലിക്കാനുള്ള അനുമതി ഉത്തരവിന്റെ വിവരം ഫയലിലില്ല.

4) GO (MS)11/2001/AHD/20-1-2001 പ്രകാരം നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ജി.ഒ.(എം.എസ്) 183/2007/തസ്വഭവ. തി.24-7-2007 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഭേദഗതിയിൽ, ഈ പദ്ധതിയ്ക്കുള്ള സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നല്കേണ്ടതും, അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനു ശേഷമാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതെന്നും തുടർന്ന് നിർദേശമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊജക്ടിൽ വകയിരുത്തിയ മൊത്തം തുക മുൻകൂറായി പിൻവലിച്ചതും, ഈ പദ്ധതിയുടെ നിർവഹണത്തിലെ ഒരംഗമല്ലാത്ത APOയ്ക്ക് കൈമാറിയതും ക്രമത്തിലല്ല. ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 15 / 28-6-2019 ന് ലഭിച്ച മറുപടിയിൽ GO (MS)11/2001/AHD/20-1-2001 ഉത്തരവിന്റെ പകർപ്പ് ചേർത്ത് അതു പ്രകാരമാണ് തുക നല്കിയതെന്ന് വിശദീകരിക്കുകയാണുണ്ടായത്.

വ്യക്തമായ വിശദീകരണവും മുഴുവൻ തുകയുടെയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതു വരെ ചെലവു തുക 2,56,250 തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 6,26,280 | സമഗ്ര നെൽകൃഷി വികസനം | 6,26,280 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1,70,000 | പച്ചക്കറി കൃഷി | 1,70,000 | 0 |
| | 2018-19 | 2,56,250 | കന്നുകുട്ടി പരിപാലനം | 2,56,250 | 0 |
| | 2018-19 | 9,00,000 | ലൈഫ് പദ്ധതി (ജനറൽ) | 9,00,000 | 0 |
| | 2018-19 | 5,55,680 | മമ്പാട് ഒറവൻകുഴി എസ് സി കോളനി റോഡ് | 0 | 5,55,680 |
| ജില്ലാപഞ്ചായത്ത് | 2018-19 | 17,01,900 | ലൈഫ് പദ്ധതി (ജനറൽ) | 17,01,900 | 0 |
| | 2018-19 | 3,24,162 | ലൈഫ് പദ്ധതി (എസ് സി ) | 3,24,162 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | ലഭ്യമാക്കിയില്ല | 3,00,000 | യു സി ലഭിച്ചില്ല | 3,00,000 |
| കേരള വാട്ടർ അതോറിറ്റി | വടപുറം യു പി സ്കൂൾകുന്ന് പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമാക്കിയില്ല | 1,00,000 | യു സി ലഭിച്ചില്ല | 1,00,00 |
| കേരള വാട്ടർ അതോറിറ്റി | 'ടാണ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമാക്കിയില്ല | 2,00,000 | യു സി ലഭിച്ചില്ല | 2,00,000 |
| കേരള വാട്ടർ അതോറിറ്റി | ബീമ്പുങ്ങൽ പരതമ്മൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമാക്കിയില്ല | 50,000 | യു സി ലഭിച്ചില്ല | 50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതിക്കായി കെ യു ആർ ഡി എഫ് സി ലോൺ | ജി ഒ (എം എസ് )നം. 68/2018/ ത.സ്വ.ഭ.വ തി. 18.05.18 നം. ഉത്തരവ് പ്രകാരം | 17073219 | 0 | 0 | 0 | 17073219 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22761രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1985 -86 | 22 | 100 | മുഹമ്മദ് സൈനുദീൻ ഇ ഒ | 118050100194/17.04.18 |
| 1986-87 87-88 | 10(c) | 249 | എ ടി ദേവസ്സ്യ ഇ ഒ | 118050100194/17.04.18 |
| 1986-87 87-88 | 17 | 150 | കെ.ഗംഗാധരൻ നായർ | 118050100202/17.04.18 |
| 1986-87 87-88 | 18 | 168 | കെ.ഗംഗാധരൻ നായർ എ ടി ദേവസ്സ്യ | 118050100203/17.04.18 |
| 1986-87 87-88 | 19 | 84 | കെ.ഗംഗാധരൻ നായർ | 118050100204/17.04.18 |
| 1986-87 87-88 | 25 | 1050 | കെ പി അബ്ദുറഹിമാൻ | 118050100208/17.04.18 |
| 1986-87 87-88 | 28 | 200 | കെ.ഗംഗാധരൻ നായർ | 118050100209/17.04.18 |

| | | | | |
|---|---|---|---|---|
| 1988-89<br>89-90 | 9(c) | 248 | കെ വി ചേക്കു | 118050100210/17.04.18 |
| 1988-89<br>89-90 | 10(a) | 112 | കെ.ഗംഗാധരൻ നായർ<br>കെ വി ചേക്കു | 118050100211/17.04.18 |
| 1988-89<br>89-90 | 18(1)(2) | 193 | കെ.ഗംഗാധരൻ നായർ | 118050100213/17.04.18 |
| 1988-89<br>89-90 | 25(1) | 400 | പി നവാസ് | 118050100214/17.04.18 |
| 1991-92 | 21 | 300 | കെ പി ഫ്രാൻസീസ് | 118050100215/17.04.18 |
| 1991-92 | 21(1) | 310 | കെ പി പ്രഭാകരൻ | 118050100220/17.04.18 |
| 1992-93<br>93-94 | 8 | 17 | എം അബ്ദുൾജബ്ബാർ | 118050100223/17.04.18 |
| 2017-18 | Enquiry no.11 (prof.tax) | 1750 | - | 118050102131/27.11.18 |
| 2017-18 | Enquiry no.11 (prof.tax) | 1750 | - | 118050102132/27.11.18 |
| 2017-18 | Enquiry no.11 (prof.tax) | 2000 | - | 118050102133/27.11.18 |
| 2017-18 | Enquiry no.11 (prof.tax) | 9400 | - | 118050102180/28.07.18 |
| 2017-18 | Enquiry no.11 (prof.tax) | 2500 | - | 118050102213/28.07.18 |
| 2014-15 | 2-1(3) | 250 | സൽമാൻ കെ | 118050102896/14.09.18 |
| 2014-15 | 2-1(1) | 450 | തങ്കമ്മ | 118050102897/14.09.18 |
| 2014-15 | 2-1(1) | 300 | - | 118050102898/14.09.18 |
| 2002-03 | 3-6 | 780 | കെ പി യഹിയ | 118050106045/15.01.19 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾതാഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ഖണ്ഡിക നം | വർഷം, ഖണ്ഡിക നം | | |
| 2008-09 | 2012-13 | തൊഴിലുറപ്പ് പദ്ധതി (പ്രവർത്തനക്ഷമതാ റിപ്പോർട്ട്) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 /3(1) | 2014-15 അധ്യായം - 4 | നിഷ്ക്രിയ ആസ്തികൾ അവലോകനം. | |
| 2011-12/ 3(2) | 2014-15 അധ്യായം - 4 | മണൽ വാരൽ അവലോകനം. | |
| 2014-15/2(1) | 2016-17 | തൊഴിൽ നികുതി | |
| 2015-16/3(21) | 2016-17 | മരാമത്ത് പ്രവൃത്തികൾ മാർക്കറ്റ് നിരക്ക് പരിഗണിക്കാത്തതിനാൽ അധിക ചെലവ് | |
| 2014-15/3(1) | 2015-16 | വെള്ളക്കരം അവലോകനം | |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.cell/SCD1/12 26.9.14 | k.k.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,81,93,496 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,21,28,778 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 33,330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 50,67,379 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 250 | | ശ്രീമതി.റഹിയാൻബി ,സെക്രട്ടറി |
| 3-10 | | 33,330 | ഡോ. ആയിഷക്കുട്ടി, MO(PHC) |
| ആകെ | 250 | 33,330 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 34,00,000 | ശ്രീമതി. റഹിയാൻബി, സെക്രട്ടറി |
| 3-8 | 12,61,129 | ഡോ. ഇ ആയിഷകുട്ടി,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-12 | 1,50,000 | ശ്രീമതി .ഷഹർബാൻ ,ഹെഡ്മിസ്ട്രസ് |
| 3-13 | 2,56,250 | ഡോ.ഷൗക്കത്തലി പി ,വെറ്ററിനറി സർജൻ |
| ആകെ | 50,67,379 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റഹിയാൻബി ,സെക്രട്ടറി | സെക്രട്ടറി ,മമ്പാട് ഗ്രാമപഞ്ചായത്ത് | ഓട്ടുപാറ വീട് ,കേരള എസ്റ്റേറ്റ് പി ഒ, കരുവാരകുണ്ട്. |
| ഡോ. ഇ ആയിഷകുട്ടി,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഇ ആയിഷകുട്ടി,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),മമ്പാട് | എളേടത്ത് വീട്,നസീറ മൻസിൽ,നിലമ്പൂർ (പി ഒ ),മലപ്പുറം ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1989-1990 മുതൽ 1995-96 വരെ (ജെ.ആർ.വൈ) | എൽ.എഫ്.എം.6/856/10 തി.03.09.2010 | 13 |

| ക്രമ.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2 | 1995-96 | എൽ.എഫ്.എം.6/860/10 തി.03.09.2010 | 7 |
| 3 | 1996-97 | എൽ.എഫ്.എം.6/2240/08 തി.22.05.2009 | 1 |
| 4 | 1997-98 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2241/08 തി.22.05.2009 | 4 |
| 5 | 1998-99 പ്ലാൻ ഒഴികെ | എൽ.എഫ്.എം.5/1996/2009തി.14.09.2010 | 6 |
| 6 | 1999-00 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2243/08തി.22.05.2009 | 6 |
| 7 | 2000-01 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2224/08തി.22.05.2009 | 2 |
| 8 | 2000-01 | എൽ.എഫ്.എം.6/1810/04തി.13.08.2004 | 4 |
| 9 | 2001-02 | എൽ.എഫ്.എം.6/809/2004തി.01.09.2004 | 26 |
| 10 | 2002-03 | എൽ.എഫ്.എം.6/209/2005തി.28.09.2005 | 16 |
| 11 | 2003-04 | എൽ.എഫ്.എം.6/1799/2006തി.28.03.2007 | 13 |
| 12 | 2004-05 | എൽ.എഫ്.എം.6/2245/08തി.12.08.2009 | 8 |
| 13 | 2005-06 | എൽ.എഫ്.എം.6/2163/09തി.08.03.2010 | 12 |
| 14 | 2006-07 | എൽ.എഫ്.എം.6/2164/09തി.08.03.2010 | 14 |
| 15 | 2007-08 | എൽ.എഫ്.എം.7/87/2011തി.12.05.2011 | 16 |
| 16 | 2008-09 | എൽ.എഫ്.എം.7/88/2011തി.12.05.2011 | 25 |
| 17 | 2009-10 മുതൽ 2010-11 വരെ | എൽ.എഫ്.എം.7/976/20113തി.21.06.2013 | 23 |
| 18 | 2011-12 | എൽ.എഫ്.എം.7/3562/2014 തി.13.07.2015 | 20 |
| 19 | 2012-13 ന 2013-14 വരെ | എൽ.എഫ്.എം.7/1410/2015 തി.01.08.2015 | 27 |
| 20 | 2014-15 | കെ.എസ്.എ.എം.പി.എം.26/731/2016 തി.28.04.2016 | 18 |
| 21 | 2015-16 | കെ.എസ്.എ.എം.പി.എം.26/3447/2016 തി.31.01.2017 | 22 |
| 22 | 2016-17 | കെ.എസ്.എ.എം.പി.എം.26/1803/2017 തി.08.09.2017 | 26 |
| 23 | 2017-18 | കെ.എസ്.എ.എം.പി.എം.10/1990/2018 തി.11.10.2018 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ എസ് എ എം പി എം.10/1759/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി:15/07/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ **മമ്പാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ല ഓഡിറ്റ് കാര്യാലയം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**